പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2248

04.11.2019-ൽ മറുപടിയ്ക്ക്

ചോദ്യം

ശ്രീ. കെ.രാജൻ

ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ

ശ്രീ.വി.ആർ.സുനിൽകുമാർ

മറുപടി

ശ്രീ.പി.തിലോത്തമൻ

(ഭക്ഷ്യവും, പൊതുവിതരണവും, വകുപ്പ് മന്ത്രി)

2019-ലെ പ്രളയം

(എ) 2019-ലെ പ്രളയം സംസ്ഥാനത്തെ പൊതുവിതരണ രംഗത്തെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(എ) 2019-ലെ പ്രളയം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ പൊതുവിതരണ രംഗത്തെ ബാധിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിൽ ചില താലൂക്കുകളിൽ 2019-ലെ പ്രളയം ഭാഗികമായി ബാധിച്ചിട്ടുണ്ട്. കുട്ടനാട് താലൂക്കിലെ 8 റേഷൻ ഡിപ്പോകളിൽ വെള്ളം കയറി, സ്റ്റോക്ക് ഭാഗികമായി നശിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ 8 റേഷൻ കടകളിൽ വെള്ളം കയറിയതിനെ തുടർന്ന് ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതസ്ഥാനത്തേക്ക് മാറ്റേണ്ടി വന്നു. ഇടുക്കി ജില്ലയിൽ 9 കടകളിൽ വെള്ളം കയറുകയും 20122 കി.ഗ്രാം ഭക്ഷ്യധാന്യവും 109 കി.ഗ്രാം ആട്ടയും 28 കി.ഗ്രാം പഞ്ചസാരയും 20 ലിറ്റർ മണ്ണെണ്ണയും ഉപയോഗശൂന്യമായി.എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലെ 2 റേഷൻകട, കുന്നത്തുനാട്, കോതമംഗലം താലൂക്കുകളിലെ ഓരോ റേഷൻകട, മൂവാറ്റുപുഴ താലൂക്കിലെ തൃക്കളത്തൂരിലുള്ള എൻ.എഫ്.എസ്.എ ഗോഡൗൺ എന്നിവിടങ്ങളിൽ വെള്ളം കയറി സ്റ്റോക്ക് നശിച്ചു പോയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പല റേഷൻ കടകളിലെയും റേഷൻ സാധനങ്ങൾ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുകയുണ്ടായി. കൊടുങ്ങല്ലൂർ താലൂക്കിലെ 1015 കി.ഗ്രാം അരി, 200 കി.ഗ്രാം ഗോതമ്പ്, തലപ്പിള്ളി താലൂക്കിൽ 0.05 മെ.ടൺ അരി എന്നിവ നശിക്കുകയുണ്ടായി. പാലക്കാട് ജില്ലയിൽ 11 റേഷൻകടകളിലായി 12.947 മെ.ടൺ അരി, 2.211 മെ.ടൺ ഗോതമ്പ്, 0.227 മെ.ടൺ പഞ്ചസാര, 504 കി.ഗ്രാം ആട്ട, 47.5 ലിറ്റർ മണ്ണെണ്ണ എന്നിവ നശിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ റേഷൻ കടകളിൽ വെള്ളം കയറി സ്റ്റോക്ക് നശിക്കുകയും റേഷൻ കടകൾ താൽക്കാലികമായി മറ്റ്

സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. വയനാട് ജില്ലയിൽ 15 റേഷൻ കടകളിൽ വെള്ളം കയറി 14080 കി.ഗ്രാം അരി, 2940 കി.ഗ്രാം ഗോതമ്പ്, 605.5 ലിറ്റർ മണ്ണെണ്ണയും, 415 കി.ഗ്രാം പഞ്ചസാരയും, 250 പായ്ക്കറ്റ് ആട്ടയും നശിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 39 റേഷൻ കടകളിലും വടകര താലൂക്കിലെ എൻ.എഫ്.എസ്.എ ഗോഡൗണിലും വെള്ളം കയറി സ്റ്റോക്കിന് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ എൻ.എഫ്.എസ്.എ ഡിപ്പോകളിലും റേഷൻ കടകളിലും വെള്ളം കയറി 16,01,545/- രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിൽ 63 വില്ലേജുകളെ ഭാഗികമായി ബാധിച്ചു. സപ്ലൈകോയുടെ 39 വിൽപ്പന ശാലകളിലെ വിൽപ്പനയെ 2019-ലെ പ്രളയം പ്രതികൂലമായി ബാധിക്കുകയുണ്ടായി.കൂടാതെ, സപ്ലൈകോയിലെ കോട്ടയം ഡിപ്പോയിലും വെള്ളം കയറുകയും 43,15,305/- രൂപയുടെ ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ ആകെ 43,41,504.59/- രൂപയുടെ നാശ നഷ്ടങ്ങൾ പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.കൂടാതെ, തൃക്കളത്തൂർ, പനമണ്ണ, ചാലിശ്ശേരി, മണ്ണാർക്കാട്, എടക്കര, വടകര, സുൽത്താൻ ബത്തേരി, തലശ്ശേരി, ഇരിട്ടി, വെള്ളയിൽ എന്നീ എൻ.എഫ്.എസ്.എ ഗോഡൗണുകളിലായി ആകെ 3441.853 ക്വിന്റൽ അരി, 531.8302 ക്വിന്റൽ ഗോതമ്പ്, 55.2 ക്വിന്റൽ പഞ്ചസാര, 16.4 ക്വിന്റൽ ആട്ട എന്നിവ നശിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ പ്രളയ സമയത്ത് പ്രളയബാധിതരായ ജനങ്ങൾക്ക് അന്നത്തിന് മുട്ടുണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ പ്രളയ ബാധിത വില്ലേജുകളിലെ മുഴുവൻ റേഷൻ കാർഡുടമകൾക്കും റേഷൻകടകൾ വഴി ഒരു മാസത്തെ റേഷൻ സൗജന്യമായി വിതരണം ചെയ്തു. 2019-ലെ പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ച പ്രദേശങ്ങളിലെ, 08.08.2019 മുതൽ 12.08.2019 വരെ പ്രവർത്തിച്ച 1624 ദുരിതാശ്വാസ ക്യാമ്പുകളിൽ വേണ്ടി വന്ന ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യസാധനങ്ങളും റവന്യൂ അധികാരികളുടെ ആവശ്യ പ്രകാരം സപ്ലൈകോ ഡിപ്പോ / ഔട്ട് ലെറ്റുകൾ |

മുഖേന ലഭ്യമാക്കിയിട്ടുണ്ട്. 5,41,34,664.92 രൂപയുടെ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രളയ സമയത്ത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി ഭക്ഷ്യവകുപ്പ് എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ?

(സി) പ്രളയബാധിത വില്ലേജുകളിലെ റേഷൻ കടകളിലൂടെ എല്ലാ വിഭാഗങ്ങളിലെയും കാർഡുടമകൾക്ക് സെപ്റ്റംബർ മാസത്തെ റേഷൻവിഹിതം സൗജന്യമായി നൽകി. സപ്ലൈകോ ഔട്ട് ലെറ്റുകൾ മുഖേന ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ഭക്ഷ്യ ധാന്യങ്ങളും അവശ്യവസ്തുക്കളും കൂടാതെ എൽ.പി.ജി, മണ്ണെണ്ണ എന്നിവയും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു നെറ്റ് വർക്ക് സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ റേഷൻ വിതരണം മാനുവലായി നടത്തുന്നതിന് അനുവദിച്ചു വാതിൽപ്പടി വിതരണം തടസ്സപ്പെടാതെ എല്ലാ റേഷൻ ഡിപ്പോകളിലും ആവശ്യത്തിനുള്ള സ്റ്റോക്കുണ്ടെന്ന് ഉറപ്പ് വരുത്തി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലും ജില്ലാ / താലൂക്ക് സപ്ലൈ ഓഫീസുകളിലും 24 മണിക്കൂർ കൺട്രോൾ റൂം പ്രവർത്തിക്കുകയും ജില്ലകളിലെ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളും അവധി ദിവസങ്ങളിലും തുറന്ന് പ്രവർത്തിച്ചു. കൂടാതെ, അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ സപ്ലൈകോ ഡിപ്പോകളും / വിൽപ്പന ശാലകളും അവശ്യവസ്തുക്കളുടെ വിതരണം തടസ്സം കൂടാതെ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ